പഠനം

◆

അബൂബക്കർ നദ്‌വി

# 'ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ' ശൈഖ് അലി ത്വൻത്വാവിയുടെ ദൃഷ്ടിയിൽ

സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ *ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ* എന്ന പുസ്തകത്തെ സംബന്ധിച്ച വിഖ്യാത പണ്ഡിതൻ ശൈഖ് അലി ത്വൻത്വാവിയുടെ നിരീക്ഷണത്തിന്റെ സംക്ഷിപ്തമാണ് ചുവടെ ചേർക്കുന്നത്. *ഫുസൂലുൽ ഇസ്‌ലാമിയ* എന്ന തന്റെ ഗ്രന്ഥത്തിൽ 'തൗഹീദ് വിജ്ഞാനവും മൗദൂദിയുടെ ഗ്രന്ഥവും' എന്ന ശീർഷകത്തിലാണ് അദ്ദേഹം സ്വാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. 'ഞാൻ സ്നേഹിക്കുന്ന, എന്നാൽ മുഖാമുഖം കണ്ടിട്ടില്ലാത്ത സഹോദരൻ ഉസ്താദ് മൗദൂദിക്ക്, അദ്ദേഹം തടവറയിൽനിന്ന് കർമഭൂമിയിലേക്ക് വീണ്ടും കാലെടുത്തുവെക്കുന്ന സന്ദർഭത്തിൽ അഭിവാദ്യങ്ങളോടെ ഈ അധ്യായം സമർപ്പിക്കുന്നു' എന്ന ആശംസ തലവാചകമായി കൊടുത്തിട്ടുണ്ട്.

**പൂർവിക** മുസ്‌ലിംകൾ തൗഹീദിലുള്ള വിശ്വാസത്തിന് അവലംബമാക്കിയത് ഖുർആൻ മാത്രമായിരുന്നു. അവർ ആശയവിനിമയം നടത്തിയിരുന്ന അറബി അവരുടെ മാതൃഭാഷയായിരുന്നു. എന്ന് വെച്ചാൽ അവർ പഠനത്തിലൂടെ സ്വായത്തമാക്കിയതല്ല. സർഗാത്മകമായിരുന്നു അവരുടെ ഭാഷാ പരിജ്ഞാനം. ഇസ്‌ലാമിനു മുമ്പ് അറബികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന വിശ്വാസാചാരങ്ങളും ഖുർആൻ പ്രബോധനം ചെയ്ത ആദർശ വിശ്വാസങ്ങളും തമ്മിലുള്ള അന്തരം അവർ നല്ലപോലെ ഗ്രഹിച്ചിരുന്നു. വിശ്വാസവുമായി ബന്ധപ്പെട്ട ഒരാശയക്കുഴപ്പവും അവർക്കിടയിൽ ഉണ്ടായിരുന്നില്ല.

ഈ വിശ്വാസം അവരുടെ ഹൃദയാന്തരങ്ങളെ പ്രകാശപൂരിതമാക്കി. കർമജീവിതത്തിൽ അത് പ്രത്യക്ഷരം പ്രയോഗവൽക്കരിക്കപ്പെടുകയും ചെയ്തു. ഖുർആൻ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലങ്ങളും വ്യാഖ്യാനമുറകളും അവർ ഗ്രഹിച്ചു. അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ യാഥാർഥ്യം അവർ മനസ്സിലാക്കുകയും അതിൽ പൂർണ സംതൃപ്തരാവുകയും ചെയ്തു. ഇതിനൊന്നും അവർക്ക് ഭാഷാ ശാസ്ത്രത്തിന്റെയോ വിജ്ഞാനശാഖയുടെയോ ആവശ്യം അശേഷമുണ്ടായിരുന്നില്ല.

അതേപോലെ അല്ലാഹുവിന്റെ 'ഖദാ ഖദ്റ്' (വിധിനിർണയങ്ങളി)ൽ അവർ വിശ്വസിച്ചു. വിശ്വാസവും കർമവും അതനുസരിച്ച് അവർ രൂപപ്പെടുത്തി. മനുഷ്യബുദ്ധിക്ക് സുഗ്രാഹ്യമല്ലാത്തതും പഠനപര്യവേക്ഷണങ്ങളിലൂടെ കണ്ടെത്താനാവാത്തതുമായ വിഷയങ്ങളിൽ സമയം പാഴാക്കാൻ അവരുടെ സർഗാത്മകത അനുവദിച്ചില്ല.

ഖുർആനിൽ അല്ലാഹുവിന്റെ മുഖം, കൈ, സിംഹാസനാരോഹണം തുടങ്ങിയ ശബ്ദങ്ങൾ അവർ വായിച്ചു. അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിന്റെ മഹത്വം അംഗീകരിക്കുക, ഇബാദത്ത് അവന്നു മാത്രമാക്കുക, പരസ്യമോ രഹസ്യമോ ആയ എല്ലാ പങ്കാളികളിൽനിന്നും അവനെ പരിശുദ്ധനാക്കുക എന്നാണെന്ന് അവർ മനസ്സിലാക്കി. അല്ലാഹു പറയുന്ന കാര്യങ്ങൾ, അവന്റെ ഉദ്ദേശ്യമനുസരിച്ച് അവർ വിശ്വസിച്ചു. അത് യാഥാർഥ്യമാണോ ആലങ്കാരികമാണോ എന്ന് തർക്കിക്കാൻ അവർ ഉദ്യുക്തരായില്ല.

ഉത്തമ നൂറ്റാണ്ടുകളിലെ ഒന്നാം നൂറ്റാണ്ട് അങ്ങനെ കടന്നുപോയി. പിന്നീട് ഗ്രീക്ക് തത്ത്വശാസ്ത്രം രംഗപ്രവേശം ചെയ്തു. പുതിയ ദൈവശാസ്ത്ര ചിന്തകൾ പൊട്ടിമുളച്ചു. അതോടെ ഇസ്‌ലാമിക വിശ്വാസകാര്യങ്ങളിൽ സംശയങ്ങൾ തലപൊക്കാൻ തുടങ്ങി. നിരർഥകമായ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. അവയെ നേരിടാൻ മുഅ്തസില വിഭാഗം മുന്നോട്ടു വന്നു. പ്രതിയോഗികളോട് അവരുടെ ആയുധംകൊണ്ട് തന്നെ ഏറ്റുമുട്ടി. ബുദ്ധിമാന്മാരും വാചാലരും പ്രാപ്തരുമായിരുന്നു അവർ. സന്മാർഗനിഷ്ഠയിലും ജീവിത വിശുദ്ധിയിലും സത്യത്തിനുവേണ്ടി ധീരതയോടെ പൊരുതുന്നതിലും അവർ മുന്നിൽ തന്നെയായിരുന്നു. അങ്ങനെ അവർ എതിരാളികളെ പരാജയപ്പെടുത്തി.

പക്ഷേ, അവർ ബുദ്ധിക്ക് അമിത പ്രാധാന്യം നൽകി. പ്രകൃത്യാ ബുദ്ധിക്ക് വിധികൽപിക്കാൻ കഴിയാത്ത കാര്യങ്ങളിൽ പോലും അവർ ബുദ്ധിയെ വിധികർത്താവാക്കി. ഇന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങളിലും ബുദ്ധിക്ക് കടന്നുചെല്ലാനാവുമെന്ന് അവർ വാദിച്ചു. ഇതായിരുന്നു മുഅ്തസിലികൾക്ക് പറ്റിയ അബദ്ധം. അല്ലായിരുന്നുവെങ്കിൽ തൗഹീദിന്റെ ശക്തരായ കാവൽഭടന്മാരായി അവർ അംഗീകരിക്കപ്പെടുമായിരുന്നു. മുഅ്തസിലികളെപറ്റിയുള്ള ഈ നല്ല വാക്കുകൾ വായനക്കാരിൽ പലരെയും അത്ഭുതപ്പെടുത്തിയേക്കാം. കാരണം മുഅ്തസിലികളെപ്പറ്റി വളരെ മോശമായ ചിത്രമാണ് ജനഹൃദയങ്ങളിലുള്ളത്. ഒരു ചരിത്രസന്ധിയിൽ അവർക്ക് ലഭിച്ച അധികാര ശക്തിയുടെ ഹുങ്കിൽ ജനങ്ങളുടെ ചിന്താ സ്വാതന്ത്ര്യത്തെ അവർ അടിച്ചമർത്തി. പണ്ഡിതന്മാരെ ക്രൂരമായി മർദിച്ചു. മുഅ്തസിലികൾ കുത്തിപ്പൊക്കിയ ഖുർആൻ അല്ലാഹുവിന്റെ സൃഷ്ടി (ഖൽഖുൽ ഖുർആൻ) എന്ന അനാവശ്യ വിവാദമാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നത്.

മുഅ്തസിലികൾക്കു ശേഷം രണ്ട് ചിന്താസരണികൾ പ്രത്യക്ഷപ്പെട്ടു; അശ്അരികളുടെയും ഹമ്പലികളുടെയും. എന്നാൽ അശ്അരികൾ ബുദ്ധിയെ വിധികർത്താവാക്കുന്നതിൽ മുഅ്തസിലികളോടൊപ്പം നിൽക്കുന്നു. പക്ഷേ, അതിന് വ്യക്തമായ അടിത്തറയില്ലെന്നു മാത്രം. ചിലപ്പോൾ അവർ ബുദ്ധിക്ക് പ്രാധാന്യം കൊടുക്കും. മറ്റു ചിലപ്പോൾ അവർ അവലംബിക്കുന്ന മാർഗം അസാധാരണമായിരിക്കും. അപ്പോൾ അവർ ഖുർആനിക പരിധികളിൽ നിൽക്കുന്ന സലഫിനോടൊപ്പമോ ന്യായശാസ്ത്രമാർഗം സ്വീകരിക്കുന്ന മുഅ്തസിലികളോടൊപ്പമോ ആയിരിക്കുകയില്ല.

ഇനി ഹമ്പലികളുടെ കാര്യമെടുക്കാം. അതായത് ഇമാം അഹ്മദുബ്നു

ഹമ്പൽ മുഅ്തസിലികളെ പരാജയപ്പെടുത്തിയതിനു ശേഷം അദ്ദേഹത്തോടൊപ്പം നിന്ന അനുയായികൾ, ബുദ്ധിയെ വിധികർത്താവാക്കുക എന്ന മുഅ്തസിലികളുടെ തീവ്രതക്ക് പകരം മൂലവാക്യങ്ങളുടെ (നസ്സ്) ബാഹ്യവശങ്ങളെ മുറുകെ പിടിക്കുകയെന്ന മറ്റൊരു തീവ്രതയിലേക്ക് എടുത്തു ചാടുകയാണ് ചെയ്തത്. ആധുനികശൈലിയിൽ ഇതിനെ ഒരു തിരിച്ചടി എന്ന് വിശേഷിപ്പിക്കാം. പക്ഷേ, ബുദ്ധിയെ തീരെ അവഗണിക്കുന്നുവെന്നതാണ് ഇതിന്റെ ദോഷം. ഹമ്പലികളുടെ വാദമനുസരിച്ച് അല്ലാഹുവിന് മുഖമുണ്ട്, കൈയുണ്ട്, അവന്റെ കലാമി(സംസാരത്തി)ന് അക്ഷര സ്വരവുമുണ്ട്, അവൻ യഥാർഥത്തിൽ തന്നെ 'അർശി'ൽ ഉപവിഷ്ടനാണ്. ഇതെല്ലാം ബാഹ്യാർഥത്തിൽ തന്നെ വിശ്വസിച്ചു. എന്നാൽ സലഫാകട്ടെ അവയെ അതേ നിലയിൽ തന്നെ സ്വീകരിച്ചു. ആഴത്തിലിറങ്ങി വ്യാഖ്യാനിക്കാൻ അവർ മുതിർന്നില്ല.

കാലം വീണ്ടും മുന്നോട്ടു പോയി. മദ്ഹബുകളും ചിന്താസരണികളും പെരുകി. തൗഹീദ് വിജ്ഞാനം നിരർഥകമായ അധരവ്യായാമമായി മാറി. ഫലമോ, ഖുർആനിക അടിത്തറയിൽനിന്നുകൊണ്ട് തൗഹീദിനെക്കുറിച്ച് പഠനം നടത്തുന്ന ഒരു വിജ്ഞാനശാഖ ഇല്ലാതായി. എന്നാൽ ഇന്ന് ഈ വിജ്ഞാനശാഖയുമായി കണ്ണിചേർക്കപ്പെടുന്ന ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ യഥാർഥ തൗഹീദിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥവും ഇല്ലെന്നതാണ് സത്യം. ഏറെ പ്രശംസിക്കപ്പെടുന്ന മുഹമ്മദ് അബ്ദുവിന്റെ *രിസാല* പോലും ഈ ഗണത്തിൽ പെടുത്താവതല്ല. അതിന്റെ മേന്മ അംഗീകരിച്ചുകൊണ്ടുതന്നെ പറയട്ടെ, അതിന് ലഭിച്ച സ്വീകാര്യതയുടെയും പ്രശംസയുടെയും പത്തിലൊന്ന് പോലും അത് അർഹിക്കുന്നില്ല. യഥാർഥത്തിൽ അത് പഴയ ന്യായശാസ്ത്രഗ്രന്ഥങ്ങളുടെ ഒരു പരിഷ്കൃത രൂപം മാത്രമാണ്. തൗഹീദുമായി ബന്ധമില്ലാത്ത കുറേ കാര്യങ്ങളും അതിൽ കാണാം.

*ശറഹുൽ മവാഖിഫ്, അൽ ഹുസ്വൂത്തിൽ ഹമീദിയ, രിസാലഃ, അബ്ദു* തുടങ്ങിയ ഗുണം കുറഞ്ഞ ഗ്രന്ഥങ്ങളെല്ലാം ചുരുട്ടിവെക്കുകയും ഖുർആനിലെ തൗഹീദുമായി ബന്ധപ്പെട്ട സൂക്തങ്ങൾ അതിന്റെ പ്രഥമ അഭിസംബോധിതരായ അറബികളുടെ നിസർഗസുന്ദരമായ ഭാഷയിലും ശൈലിയിലും വിദ്യാർഥികളെ പഠിപ്പിക്കുകയുമാണ് വേണ്ടത്.

കുറേ കാലമായി ഞാൻ ഈ അഭിപ്രായം ആവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. *മജല്ലത്തുൽ അസ്ഹറി*ലും *അർരിസാല*യിലും ഞാൻ ഈ വിഷയകമായി എഴുതിയിട്ടുണ്ട്. പക്ഷേ, ഇത് ആരും ഗൗനിക്കുന്നുണ്ടായിരുന്നില്ല. മറിച്ച് ഓരോ വിഭാഗവും ഖുർആനെ അവരുടെ വീക്ഷണഗതിക്കനുസരിച്ച് വ്യാഖ്യാനിക്കുന്നു. ഒരു വിഭാഗം അല്ലാഹുവിന് കുർസിയ്യ്(ഇരിപ്പിടം) ഉണ്ടെന്ന് അക്ഷരാർഥത്തിൽതന്നെ വിശ്വസിക്കുന്നു. അവരുടെ ഭാവനയിലുള്ളത് ഭവനങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും മറ്റും കാണപ്പെടുന്ന കുർസിയ്യ് തന്നെ. വേറൊരു വിഭാഗത്തിന്റെ അഭിപ്രായത്തിൽ കുർസിയ്യ് എന്നാൽ അല്ലാഹുവിന്റെ അധീശാധിപത്യമാണ്. ഉസ്മാനിയാ സാമ്രാജ്യം ഫാരിസ് മുതൽ ഫാസ് വരെ നീണ്ടുകിടക്കുന്നു എന്ന് പറയുന്നതു പോലെ ഉപമാലങ്കാരമാണത്. അർശ്, കൈ, മുഖം തുടങ്ങിയ ഗൂഢാർഥങ്ങളുള്ള (മുതശാബിഹാത്ത്) ശബ്ദങ്ങളും ഇതേ വിധത്തിൽ തന്നെ ചർച്ച ചെയ്യപ്പെടുന്നു.

വിവിധ ചിന്താസരണികൾ തമ്മിലുള്ള ഭിന്നതക്ക് കാരണം വാക്കർഥങ്ങളിൽ വരുന്ന അഭിപ്രായ വ്യത്യാസങ്ങളാണെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. പക്ഷേ, വ്യക്തമായ ഭാഷയിൽ അതിനെ വിശദീകരിക്കാനോ അതിന്റെ ഒരു രൂപം വരച്ചു കാണിക്കാനോ എനിക്ക് സാധ്യമായിരുന്നില്ല. ഈ വിഷമസന്ധിയിലാണ് മഹാനായ പ്രബോധകനും പരിഷ്കർത്താവുമായ ഉസ്താദ് മൗദൂദിയുടെ ഗ്രന്ഥം എന്റെ കൈയിൽ കിട്ടുന്നത്. വിഷയത്തെക്കുറിച്ചുള്ള ശരിയായ ചിത്രവും വിശദീകരണവും ഞാൻ അതിൽ കണ്ടെത്തി. അകത്തേക്കുള്ള വഴിയറിയാതെ ഇത്രയും കാലം നാം കറങ്ങിക്കൊണ്ടിരുന്നത് ഇതിനു ചുറ്റുമായിരുന്നുവെന്ന് എനിക്ക് ബോധ്യമായി.

തൗഹീദിനെക്കുറിച്ചുള്ള പഠനത്തിൽ ഖുർആൻ സൂക്തങ്ങളെ മാത്രം അവലംബമാക്കുക, ഖുർആൻ സൂക്തങ്ങളുടെ വാക്കർഥങ്ങൾ നിർണയിക്കുന്നതിൽ ഏകീഭാവമുണ്ടാക്കുക, ആദ്യകാല അറബികളെപ്പോലെ സ്വാഭാവികമായ രീതിയിൽ അവയെ ഗ്രഹിക്കുക – ഈ മൂന്ന് അടിസ്ഥാനങ്ങളിൽ ഊന്നിക്കൊണ്ടാണ് നാം വിദ്യാലയങ്ങളിൽ തൗഹീദ് പഠിപ്പിക്കേണ്ടത്.

'നാം അന്തിച്ചുനിൽക്കുകയായിരുന്നു. ഏത് വഴിയിലൂടെയാണ് പ്രവേശിക്കേണ്ടതെന്ന് നമുക്കറിഞ്ഞുകൂടായിരുന്നു. അപ്പോൾ മൗദൂദി ഈ പുസ്തകത്തിലൂടെ നമുക്ക് ശരിയായ മാർഗം വരച്ചു കാണിച്ചു. ആ പാതയിലെ ആദ്യത്തെ കാൽപാട് അദ്ദേഹം തന്നെ അടയാളപ്പെടുത്തുകയും ചെയ്തു.'

'ഇതൊരു തുടക്കം മാത്രമാണ്, അന്ത്യമല്ല. ലക്ഷ്യത്തിലേക്കുള്ള മാർഗത്തിന്റെ തുടക്കം.'

ഗവേഷകപ്രവരരായ ഗ്രന്ഥകാരന്മാരെ നാല് വിഭാഗമായി തിരിക്കാം: ശരിയും തെറ്റും വിവേചിക്കാതെ വിഷയവുമായി ബന്ധമുള്ള മുഴുവൻ കാര്യങ്ങളും ശേഖരിക്കുന്ന ഒരു വിഭാഗം. ഉദാ: ഇമാം സുയൂത്വി.

മൂല വാക്യങ്ങൾ (നസ്സ്) ശേഖരിക്കുകയും നിവേദക പരമ്പരയെകുറിച്ച് പരിശോധന നടത്തുകയും എന്നാൽ മുഴുവനും അതേപടി രേഖപ്പെടുത്തുകയും ചെയ്യുന്ന രണ്ടാമത്തെ വിഭാഗം. ഉദാ: ഇമാം ശൗകാനി.

മൂലവാക്യങ്ങൾ ക്രോഡീകരിക്കുകയും വിവരിക്കുകയും അവയിൽനിന്ന് വിധികൾ കണ്ടെത്തുകയും അവയെ വിശകലനം ചെയ്യുകയും അങ്ങനെ പൂർണമായ പഠനത്തിന് വിധേയമാക്കുകയും ചെയ്യുന്ന മൂന്നാമത്തെ വിഭാഗം. ഉദാ: ഇമാം ഇബ്നു തൈമിയ്യ.

തനതായ ബുദ്ധിവൈഭവം കൊണ്ട് വസ്തുതകൾ പൂർണമായി ശേഖരിക്കുകയും പഠിക്കുകയും ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ദഹിപ്പിക്കുകയും അവയെ സ്വന്തം ചിന്തകളാക്കി മാറ്റുകയും സ്വന്തം ചിന്തകളെപ്പോലെ അവതരിപ്പിക്കുകയും യഥേഷ്ടം കൈകാര്യം ചെയ്യുകയും വിവിധ ശൈലികളിൽ വ്യവഹരിക്കുകയും ചെയ്യുന്ന നാലാമത്തെ വിഭാഗം. ഉദാ: ഇമാം ഗസ്സാലി.

എന്നാൽ മൗദൂദിയുടെ 'ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ' എന്ന പുസ്തകവും ഞാൻ വായിച്ച അദ്ദേഹത്തിന്റെ മറ്റു പുസ്തകങ്ങളും മുമ്പിൽ വെച്ച് നോക്കുമ്പോൾ അദ്ദേഹം മൂന്നാം സ്ഥാനത്തേക്കാൾ ഉയർന്നു നിൽക്കുകയും ചിലപ്പോൾ നാലാം സ്ഥാനത്ത് എത്തുകയും ചെയ്യുന്നു. വിശാലമായ അറിവ്, ശരിയായ വിശ്വാസം, തുളച്ചുകയറുന്ന ബുദ്ധിശക്തി, വിഷയങ്ങൾ ക്രോഡീകരിക്കാനും വിശദീകരിക്കാനുമുള്ള കഴിവ് എല്ലാം ഒത്തിണങ്ങിയ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്......... ഇങ്ങനെ പോകുന്നു മൗദൂദിയെപറ്റിയുള്ള ശൈഖ് ത്വൻത്വാവിയുടെ വിലയിരുത്തൽ.

നാല് സാങ്കേതിക ശബ്ദങ്ങളുടെ അർഥവും വ്യാഖ്യാനവും അംഗീകരിക്കുന്നതോടൊപ്പം സൂറഃ *യൂസുഫി*ലെ 'അവനാണ് എന്റെ റബ്ബ്, അവൻ എനിക്ക് സ്ഥാനം നൽകി' എന്ന വാക്യത്തിലെ 'ഇന്നഹു' എന്ന സർവനാമം സൂചിപ്പിക്കുന്നത് അല്ലാഹുവിനെയാണെന്ന് മൗദൂദി അർഥം നൽകിയത് ശരിയല്ലെന്നും ഈജിപ്തിലെ ഭരണാധികാരിയാണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെന്നും ശൈഖ് ത്വൻത്വാവി പറയുന്നു. കാരണം പ്രതിപാദ്യവിഷയം ഈജിപ്തിലെ അസീസ് രാജാവാണ്. മനസ്സിൽ രൂപപ്പെടുന്നതും അയാളാണ്. അതിനാൽ സർവനാമം സൂചിപ്പിക്കുന്നതും അയാളെത്തന്നെ. യജമാനൻ എന്ന അർഥത്തിൽ റബ്ബ് എന്ന പദം പ്രയോഗിക്കാമെന്ന് മൗദൂദി അംഗീകരിക്കുന്നുണ്ടല്ലോ.

ഈ അർഥ കൽപനയുമായി മൗദൂദി വിയോജിക്കുന്നു. അദ്ദേഹം പറയുന്നു: 'ഇവിടെ എന്റെ നാഥൻ എന്ന പദം അന്ന്

യൂസുഫി(അ)ന്റെ യജമാനനായിരുന്ന ആളെ ഉദ്ദേശിച്ചുകൊണ്ട് പറഞ്ഞതാണെന്നത്രെ പൊതുവെ ഖുർആൻ വിവർത്തകരും വ്യാഖ്യാതാക്കളും മനസ്സിലാക്കിയിരിക്കുന്നത്. അതനുസരിച്ച് അദ്ദേഹത്തിന്റെ ഈ മറുപടിയുടെ താൽപര്യം ഇങ്ങനെയാണ്: എന്റെ യജമാനൻ എന്നോട് ഈവിധം നല്ലനിലയിൽ വർത്തിച്ചു കൊണ്ടിരിക്കെ അദ്ദേഹത്തിന്റെ ഭാര്യയുമായി അവിഹിത ബന്ധത്തിലേർപ്പെടുക എന്ന മ്ലേഛവൃത്തി എങ്ങനെയാണ് ഞാൻ ചെയ്യുക? എന്നാൽ ഈ വിവർത്തനത്തോടും വ്യാഖ്യാനത്തോടും ശക്തിയായ എതിരഭിപ്രായമാണ് എനിക്കുള്ളത്. അറബിഭാഷ പരിഗണിക്കുമ്പോൾ ഇങ്ങനെയും മനസ്സിലാക്കാൻ സാധ്യതയുണ്ടെന്നത് ശരിതന്നെ. കാരണം അറബിയിൽ റബ്ബ്(നാഥൻ) എന്ന പദം യജമാനനെക്കുറിച്ചും ഉപയോഗിക്കാറുണ്ട്. പക്ഷേ ഒരു കുറ്റത്തിൽനിന്ന് പിന്മാറുമ്പോൾ അല്ലാഹുവിന് പകരം ഏതെങ്കിലും ഒരടിമയെ ഭയപ്പെടുക എന്നത് ഒരു പ്രവാചകന്റെ പദവിക്ക് തീരെ ചേർന്നതല്ല. ഒരു പ്രവാചകൻ അല്ലാഹു അല്ലാത്ത മറ്റാരെയെങ്കിലും ഉദ്ദേശിച്ച് അതെന്റെ റബ്ബാണ് എന്ന് പറഞ്ഞ ഒരു ഉദാഹരണവും ഖുർആനിൽ കാണപ്പെടുകയില്ല. ഇതേ അധ്യായത്തിൽ തന്നെ കുറച്ച് മുമ്പോട്ടു പോകുമ്പോൾ (41, 42, 50 സൂക്തങ്ങളിൽ) യൂസുഫ് നബി(അ) തന്റെയും ഈജിപ്തുകാരുടെയും മാർഗങ്ങൾ തമ്മിലുള്ള അന്തരം ആവർത്തിച്ച് വിശദീകരിക്കുന്നുണ്ട്. അതായത് തന്റെ റബ്ബ് അല്ലാഹുവാണ്. ഈജിപ്തുകാർ തങ്ങളുടെ റബ്ബായി വരിച്ചിട്ടുള്ളത് കേവലം അടിമകളെയാണ്.'

'അതോടൊപ്പം ആയത്തിൽ റബ്ബീ (എന്റെ നാഥൻ) എന്ന് പറഞ്ഞുകൊണ്ട് യൂസുഫ് നബി അല്ലാഹുവിനെ തന്നെയാണ് ഉദ്ദേശിക്കുന്നത് എന്ന് വെക്കാൻ വ്യക്തമായ ന്യായം കൂടിയുണ്ടെങ്കിൽ പിന്നെ തെറ്റായ ഒരു ധന്യാർഥം തന്നെ എന്തിനാണ് നാം തെരഞ്ഞെടുക്കുന്നത്?' (*തഫ്ഹീമുൽ ഖുർആൻ*: വാ: 2, പേ: 365, വ്യാഖ്യാനക്കുറിപ്പ്, 21)

ശൈഖ് റശീദ് രിദാ തന്റെ തഫ്സീറിലും ഈ വ്യാഖ്യാനത്തിനു തന്നെയാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്. അനന്തരം ഭൂരിപക്ഷാഭിപ്രായവും എടുത്തു പറയുന്നു (*തഫ്സീറുൽ മനാർ* വാ: 12, പേ: 224).

ഇതേ അഭിപ്രായം *ഫീ ളിലാലിൽ ഖുർആനി*ൽ സയ്യിദ് ഖുത്വ്ബും രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'അവർ പറഞ്ഞു: അല്ലാഹുവിൽ ശരണം, അവനാണ് എന്നെ നന്നായി പാർപ്പിച്ച എന്റെ നാഥൻ. ഒരു പൊട്ടക്കിണറിന്റെ വന്യ ഭീകരതയിൽനിന്ന് തന്നെ രക്ഷിച്ച് സുരക്ഷിതമായ ഒരു പ്രഭു മന്ദിരത്തിന്റെ അന്തരീക്ഷത്തിൽ തന്നെ എത്തിച്ചവൻ' (വാ: 4, പേ: 1980, 1981).

അലി ത്വൻത്വാവി ചർച്ച അവസാനിപ്പിച്ചുകൊണ്ട് എഴുതുന്നു: ഏതായാലും ഇതൊരു തുടക്കമാണ്. തുടക്കം കുറിക്കാനുള്ള ഭാഗ്യം ഉസ്താദ് മൗദൂദിക്കാണുണ്ടായത്. അല്ലാഹു അദ്ദേഹത്തെ കാത്തുരക്ഷിക്കുകയും പ്രതിഫലം നൽകുകയും ചെയ്യട്ടെ. നമ്മുടെ പണ്ഡിതന്മാർ മൗദൂദി കാണിച്ചുതന്ന ഈ പാത പിന്തുടരുകയും അദ്ദേഹം തുടങ്ങിവെച്ച ദൗത്യം പൂർണതയിലെത്തിക്കുകയും ചെയ്യണമെന്നാണ് നാം ആഗ്രഹിക്കുന്നത്.

പുസ്തകത്തിന്റെ അറബി തർജമ പുനഃപരിശോധിക്കുകയും ആവശ്യമായ പരിഷ്കരണം വരുത്തുകയും വിശദീകരണം നൽകുകയുമാണെങ്കിൽ മുഴുവൻ ഇസ്ലാമിക വിദ്യാലയങ്ങളിലും തൗഹീദ് പഠനത്തിനുള്ള ഔദ്യോഗിക പാഠപുസ്തകമായി അംഗീകരിക്കാവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ തൗഹീദ് വിഷയകമായി ഇന്ന് ജനങ്ങളുടെ മുമ്പിലുള്ള ഗ്രന്ഥങ്ങളിൽ ഏറ്റവും മികച്ചതാണ് ഈ ഗ്രന്ഥം.

സയ്യിദ് മൗദൂദിയുടെ വ്യക്തിത്വത്തെയും ഇന്ത്യാ-പാക് ഉപഭൂഖണ്ഡത്തിലെ മറ്റ് മുസ്ലിം സംഘടനകളെ അപേക്ഷിച്ച് ജമാഅത്തെ ഇസ്ലാമിക്കുള്ള സ്വാധീനത്തെയും കുറിച്ച് വിശദീകരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, വിഷയം നീണ്ടുപോയി. അതിനാൽ ചർച്ച മുഴുവൻ തൗഹീദിലും അത് പ്രതിപാദിക്കുന്ന പുസ്തകത്തിലും പരിമിതപ്പെടുത്തേണ്ടിവന്നു. ■